പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *540 — 24.07.2015 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് പരിശീലനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>" വി. പി. സജീന്ദ്രൻ<br>" കെ. ശിവദാസൻ നായർ<br>" എം. എ. വാഹീദ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ പരിശീലന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. എംപ്ലോയിബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ; | ബി) | വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുക, പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്നതിനുള്ള എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം ലഭ്യമാക്കുക അതിലൂടെ ഉദ്യോഗരംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മതിയായ ഒബിസി പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സാമ്പത്തിക പരാധീനതയുള്ള സമർത്ഥർക്ക് ധനസഹായം നല്കി ലക്ഷ്യ പ്രാപ്തി കൈവരിക്കുക. |
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | 2013-14 മുതൽ ഇതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2013-14-ൽ 5 കോടി രൂപയും 2014-15-ൽ 3.8 കോടി രൂപയും 2015-16-ൽ 5.5 കോടി രൂപയും ഈ ഇനത്തിൽ വകയിരുത്തി. അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ച് ഗ്രാന്റ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുകയാണ് ചെയ്യുന്നത്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

A) എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി

| സ്കീം | അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി | പരമാവധി ഗ്രാന്റ് |
|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ | 450000 | 30000 |
| ബാങ്കിങ്ങ് സർവ്വീസ് | 450000 | 20000 |
| സിവിൽ സർവ്വീസ് പരീക്ഷ | 450000 | 50000 |
| മറ്റ് മത്സര പരീക്ഷകൾ (PSC,UPS,Railway RRB etc.) | 450000 | 5000 |

- ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നു.
- അപേക്ഷകൻ / അപേക്ഷക പിന്നാക്ക സമുദായ വിഭാഗ പട്ടികയിൽ (ഒബിസി ലിസ്റ്റിൽ) ഉൾപ്പെട്ടതായിരിക്കണം.
- അപേക്ഷകൻ കേരളീയനായിരിക്കണം.
- അപേക്ഷകർ കുറഞ്ഞത് 5 വർഷത്തെയെങ്കിലും സേവനപാരമ്പര്യമുള്ള പ്രശസ്തമായ സ്ഥാപനത്തിൽ പരിശീലനം നടത്തുന്നവരായിരിക്കണം.
- കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. ഫണ്ട് കുറവായതിനാൽ കുറഞ്ഞ വരുമാനവും കൂടിയ മാർക്കും ലഭിക്കുന്നവരെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്.

Vijaya
സെക്ഷൻ ഓഫീസർ